# സിംഗൂരും നന്ദിഗ്രാമും നൽകുന്ന പാഠങ്ങളെന്ത്?

**സി.ആർ. എൻ**

അധിനിവേശത്തിനും മൂലധന കമ്പോളവാഴ്ചയ്ക്കും കീഴപ്പെടുന്നതാണ് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ കക്ഷികളും (ഭരണത്തിലിരിക്കുമ്പോൾ) എന്നു തെളിയുന്നു. ഇടത്, വലത് തുടങ്ങിയ വ്യത്യാസങ്ങൾ പേരിൽ മാത്രമാണ്. സാമ്രാജ്യത്വവും മുതലാളിത്തവും മുന്നോട്ടുവയ്ക്കുന്ന വികസന സങ്കല്പങ്ങൾ തന്നെയാണ് ഇടതുപക്ഷത്തിനുള്ളത്. 'ചെറിയ കാർ' ഉണ്ടാക്കുന്ന ടാറ്റായുടെ കമ്പനിയും ഇന്തോനേഷ്യൻ ബഹുരാഷ്ട്രക്കുത്തകയുടെ പ്രത്യേക സാമ്പത്തിക മേഖലയും എ.ഡി.ബി. മുന്നോട്ടു വയ്ക്കുന്ന നഗരവികസനവും സ്വീകാര്യമാകുന്നവരുടെ സാമ്രാജ്യവിരോധം, ഇപ്പോൾ വാക്കിൽപോലുമില്ലാതായിരിക്കുന്നു.

അധിനിവേശം തങ്ങളുടെ ജീവിതം തന്നെ കയ്യടക്കുമ്പോൾ തദ്ദേശീയ ജനസമൂഹങ്ങൾ കക്ഷിബന്ധം നോക്കാതെ പ്രതികരിക്കുന്നു. കേരളത്തിൽ പ്ലാച്ചിമട, എക്സ്പ്രസ് ഹൈവേ, കരിമണൽ ഖനനം തുടങ്ങിയ പ്രശ്നങ്ങളിൽ കണ്ടതു തന്നെയാണിത്. വ്യവസ്ഥാപിത കക്ഷിബന്ധങ്ങൾ ഈ ജനങ്ങൾക്ക് അപ്രസക്തമാണ്.

മൂലധനശക്തികൾക്ക് കീഴ്പ്പെടുന്ന ഭരണകൂടങ്ങൾ നിലവിലുള്ള (ഏറെ പരിമിതമാണെങ്കിലും) ജനാധിപത്യ വ്യവസ്ഥകൾ തന്നെ ലംഘിക്കുന്നു പ്രതിരോധിക്കുന്ന ജനങ്ങളെ ഭീകരവാദികളും വികസന ശത്രുക്കളുമായി ചിത്രീകരിക്കാനും അവർക്കെതിരെ ഭരണകൂടത്തിന്റെ ഏറ്റവും ശക്തമായ ആയുധങ്ങൾ വരെ പ്രയോഗിക്കാനും തയ്യാറാകുന്നു. ഒറീസയിലും മഹാരാഷ്ട്രയിലും മറ്റും വലതുപക്ഷ സർക്കാരുകൾ നടത്തുന്നതിനേക്കാൾ ഭീകരമായിട്ടാണ് പശ്ചിമ ബംഗാളിനെ ഇടതു സർക്കാർ ജനങ്ങളെ നേരിട്ടത്. കേരളത്തിൽ മുൻ സർക്കാരിന്റെ കാലത്ത് മുത്തങ്ങിൽ നടത്തിയ നരനായാട്ടിനെ നിശിതമായി വിമർശിച്ച ഇടതുപക്ഷം, കൊച്ചിയിലെ വടുതലയിൽ ഭൂമി സർവ്വേക്കു വേണ്ടിത്തന്നെ വൻ പോലീസ് ആക്രമണം നടത്തി. മാറാട് അക്രമമുണ്ടായപ്പോൾ പോലും ഉണ്ടാകാത്തത്ര പോലീസാണ് സ്ത്രീകളും കുട്ടികളുമടങ്ങിയ ജനക്കൂട്ടത്തിനെതിരെ വടുതലയിലെത്തിയത്. എ.ഡി.ബി. വായ്പ സംരക്ഷിക്കാൻ കേരള സർക്കാരിനും ഇതേ രീതി തന്നെ സ്വീകരിക്കേണ്ടി വരും.

ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റേയും പ്രധാന ജീവനോപാധി ഇന്നും കൃഷിയാണ്. അവരുടെ നിലനിൽപ്പ് മണ്ണിനേയും വെള്ളത്തേയും ആശ്രയിച്ചാണ്. ഇത്തരം പ്രകൃതി വിഭവങ്ങളിലാണ് മൂലധനം കൈവയ്ക്കുന്നത് എന്നതിനാൽ സമരം ഏറെ ശക്തമാകും എന്നു തീർച്ച, ഒപ്പം ഭരണകൂട അതിക്രമങ്ങളും.




**വരയും വരിയും** **റഫീഖ് അഹമ്മദ്**